# ദി ഡിഫെൻഡർ സപ്ലിമെൻ്റ്

Vol. No. 6 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor December 2003


# ശാരോൻ പ്രശ്നം: വിശ്വാസികൾ ഇടപെടുന്നു

ശാരോൻ പ്രശ്നം പുതിയ വഴിത്തിരിവിൽ എത്തിയിരിക്കയാണ്. നാളിതുവരെ റ്റി.എസ്.ബാലനും ഏതാനും പാസ്റ്റർമാരും മാത്രമാണ് ഈ പ്രശ്നത്തിൽ ഇടപെട്ടിരുന്നത്. പക്ഷേ., ഇപ്പോൾ അതല്ല സ്ഥിതി. ഈ പ്രശ്നം ശാരോനിലെ വിശ്വാസികൾ ഏറ്റെടുത്തു കഴിഞ്ഞു.

ശാരോൻ സഭക്ക് ഇപ്പോൾ കേവലം 66 ലക്ഷം രൂപയുടെ സ്വത്ത് മാത്രമേയുള്ളു എന്ന അറിവ് സുബോധമുള്ള വിശ്വാസികളെയെല്ലാം ഞെട്ടിച്ചിരിക്കയാണ്. പരമ വിശുദ്ധൻമാരായി ചമഞ്ഞു നടക്കുന്ന റ്റി.ജി.കോശി. റ്റി.പി.ഏബ്രഹാം തുടങ്ങിയവർ ശാരോൻെറ സ്വത്തുക്കൾ കൊള്ളയടിച്ചു എന്നതിന് ഇതിൽ കൂടുതൽ തെളിവ് ആവശ്യമില്ല എന്ന് വിശ്വാസികൾ മനസ്സിലാക്കി. അങ്ങനെയാണ് ഈ പ്രശ്നത്തിൽ ഇടപെടാൻ വിശ്വാസികൾ തയ്യാറായത്. അതിൻെറ ആദ്യപടി എന്ന നിലയിൽ അവർ ഹാലേലൂയ്യാ ദ്വൈവാരികയിൽ പ്രസിദ്ധീകരിച്ച അഭിമുഖസംഭാഷണം 16-ാം പേജിൽ കൊടുത്തിട്ടുണ്ട്.

ശാരോൻ ജനറൽ കൺവെൻഷനിൽ പാസ്റ്റർ സി.വി. ജോണിന് കൊടുത്ത അമിത പ്രാധാന്യം വിശ്വാസികളുടെ മാത്രമല്ല പാസ്റ്റർമാരുടേയും എതിർപ്പിന് കാരണമായിട്ടുണ്ട്. അനേക വർഷക്കാലം വ്യഭിചാരം തൊഴിലാക്കി ജീവിച്ച സി.വി. ജോണിനെതിരെ ഒരു നടപടിയും എടുക്കാൻ ശാരോൻ നേതൃത്വം ഇതുവരെ തയ്യാറായിട്ടില്ല. താൻ വ്യഭിചരിച്ചു എന്ന് സി.വി.ജോൺ ഏറ്റുപറഞ്ഞിട്ടും റ്റി.ജി.കോശി, റ്റി.പി.ഏബ്രഹാം തുടങ്ങിയവർക്ക് കുലുക്കമില്ല. എന്തുകൊണ്ട്?

ആയകാലത്ത് വ്യഭിചരിക്കുക മാത്രമല്ല, ഗർഭഛിദ്രം നടത്തുകവരെ ചെയ്ത ആളാണ് പരിശുദ്ധ റ്റി.ജി.കോശി. പ്രകൃതി വിരുദ്ധ ബന്ധങ്ങളുള്ള ഒരു മകൻെറ അപ്പനാണ് റ്റി.പി.ഏബ്രഹാം. ഇവർക്ക് സി.വി.ജോണിനെതിരെ നടപടി എടുക്കാൻ ധൈര്യമുണ്ടാകുന്നതെങ്ങനെ?

അടിമാലി ശാരോനിലെ പാസ്റ്ററായ സജിയുടെ ഭാര്യ വ്യഭിചരിച്ചു എന്ന് ഡിഫെൻഡർ എഴുതിയപ്പോൾ അത് ശുദ്ധ നുണയാണെന്ന് റ്റി.പി.ഏബ്രഹാം പ്രചരിപ്പിച്ചു. പക്ഷേ, ഈ സംഭവത്തിന് സാക്ഷികളായ ചിലർ സാക്ഷിപറയാൻ തയ്യാറായപ്പോൾ റ്റി.പി.ഏബ്രഹാം വാലുചുരുട്ടി.



കള്ളനോ
കള്ളന് കഞ്ഞി വെച്ചവനോ?

റ്റി.ജി.കോശി, റ്റി.പി.ഏബ്രഹാം തുടങ്ങിയവരുടെ ശിങ്കിടികൾക്ക് ശാരോനിൽ എന്തും ചെയ്യാം. ആരും ചോദിക്കില്ല. ശാരോൻെറ ഓഫീസ് സെക്രട്ടറിയായ എം.എ.വർഗീസ് എന്ന ജോയീസ് പാസ്റ്റർ ഏബ്രഹാം ജോസഫിനെ തല്ലാൻ തുനിഞ്ഞിട്ടും നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. പക്ഷേ, റ്റി.എസ്.ബാലനോട് ചില പാസ്റ്റർമാർ സംസാരിച്ചു എന്നൊരു സംശയം തോന്നിയപ്പോൾ അവരെ വിളിച്ച് ചോദ്യം ചെയ്യാൻ റ്റി.പി.ഏബ്രഹാമിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. ബാലനോട് സംസാരിക്കുക എന്നത് ലോകത്തിലെ ഏറ്റവും വലിയ പാപമാണല്ലോ.

ബാലനെതിരെയുള്ള ഇൻറർനെറ്റ് കേസ്സിൻെറ വിചാരണ ആരംഭിച്ചുകഴിഞ്ഞു. ഏറെ താമസിയാതെ ബാലൻ ജയിലിലാകും. അതോടെ പ്രശ്നമെല്ലാം തീരും. എന്തു ചെയ്താലും എതിർക്കാൻ ആളുണ്ടാകില്ല. മനഃസമാധാനമായിട്ട് മോഷ്ടിക്കുകയോ വ്യഭിചരിക്കുകയോ ഒക്കെ ചെയ്യാം. ഇതാണ് ശാരോൻ നേതാക്കളുടെ കണക്കുകൂട്ടൽ. പക്ഷേ, പോലീസിന് കൈക്കൂലി കൊടുത്ത് ബാലനെ കേസ്സിൽ കുടുക്കിയതുപോലെയല്ല കോടതിയിലെ കാര്യം എന്ന് സഭാനേതാക്കൻമാർക്ക് അറിഞ്ഞുകൂടാ. റ്റി.എസ്.ബാലനും മകനും കുറ്റവാളികളാണെന്ന് സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞാൽ മാത്രമേ കോടതിക്ക് ബാലനേയും മകനേയും ശിക്ഷിക്കാൻ കഴിയൂ. പക്ഷേ, കെട്ടിച്ചമച്ച തെളിവുകൾ കാട്ടി കോടതിയെ കബളിപ്പിക്കാൻ ബാലൻെറ ശത്രുക്കൾക്ക് കഴിയുകയില്ല. അതുകൊണ്ട് ബാലനെ ജയിലിലാക്കാമെന്ന വ്യാമോഹം നടക്കുകയില്ല.

സഭാനേതാക്കൻമാർക്കെതിരെ പാസ്റ്റർമാർ പ്രതികരിച്ചാൽ അവരെ ഭീഷണിപ്പെടുത്തിയും പീഡിപ്പിച്ചും നിശബ്ദരാക്കാൻ സഭാനേതാക്കൻമാർക്ക് കഴിയും. പക്ഷേ, വിശ്വാസികൾ പ്രതികരിച്ചാൽ അവർക്കെതിരെ ഒന്നും ചെയ്യാൻ നേതാക്കൻമാർക്ക് കഴിയുകയില്ല. സഭയിൽ നിന്നും പുറത്താക്കിയാൽ കോടതികൾ വിശ്വാസികളുടെ സഹായത്തിനെത്തും. അത് നേതാക്കൻമാർക്കും അറിയാം. അതുകൊണ്ട് നല്ലവാക്കു പറഞ്ഞ് വിശ്വാസികളെ ഒതുക്കാനാണ് ശാരോൻ നേതാക്കൻമാർ ഇപ്പോൾ ശ്രമിക്കുന്നത്. ദൈവമക്കൾ കൂലിപ്പണി എടുത്തുവരെ ഉണ്ടാക്കിയ പണമാണ് ശാരോൻ നേതാക്കൻമാർ തട്ടിയെടുത്തിരിക്കുന്നത്. അതുകൊണ്ട് ഈ നേതാക്കൻമാർക്കെതിരെ ശക്തമായി പ്രതികരിക്കാൻ വിശ്വാസികൾ തീരുമാനിച്ചിരിക്കയാണ്. സെക്കുലർ പത്രങ്ങളിലൂടെ ഈ പ്രശ്നം സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണ് അവർ പദ്ധതിയിടുന്നുണ്ട്.

## വേങ്ങൂർ പാസ്റ്റർക്ക് മറുപടിയില്ല

വേങ്ങൂർ ശാരോൻ സഭയുടെ പാസ്റ്ററായ മാമ്മൻ രാജൂ കഴിഞ്ഞലക്കം ഡിഫെൻഡർ കണ്ടതോടെ അങ്കലാപ്പിലായി. ആരോരും അറിയാതെ മൂടിവെച്ചിരുന്ന രഹസ്യങ്ങളൊക്കെ ഇതാ പുറത്തായിരിക്കുന്നു.

ഇതൊക്കെ ഡിഫെൻഡർ വെറുതെ പറയുന്നതാണ് എന്ന് പലരോടും പറഞ്ഞുനോക്കി. പക്ഷേ, ഫലമില്ല. ഡിഫെൻഡർ വെറുതെ പറയുന്നതാണെങ്കിൽ എന്തുകൊണ്ട് ഡിഫെൻഡറിനെതിരെ മാമ്മൻ രാജു മാനനഷ്ടക്കേസ്സ് കൊടുക്കുന്നുന്നില്ല? താൻ അത്യുഗ്രൻ ഭക്തനാണെന്നും അതുകൊണ്ട് പ്രാർത്ഥിക്കുകയല്ലാതെ കേസ്സിനു പോകുകയില്ലെന്നുമൊക്കെ പറഞ്ഞു നോക്കുന്നുണ്ടെങ്കിലും അതൊന്നും ഫലിക്കുന്നില്ല.

മറ്റു ചിലരൊക്കെ പ്രേരിപ്പിച്ചിട്ടാണ് ഡിഫെൻഡർ ഇങ്ങനെ എഴുതുന്നതെന്നൊരു വാദവും മാമ്മൻ രാജു ഇറക്കുന്നുണ്ട്. പക്ഷേ, ഇതൊക്കെ വിശ്വസിക്കാൻ ആളില്ലെന്നുമാത്രം.

രായമംഗലം ശാരോൻ സഭയുടെ രണ്ടു രസീതുകുറ്റികൾ (അൻപത് രസീതുകൾ) എവിടെ എന്നു ചോദിച്ചാൽ അറബി പിടിച്ചെടുത്തു എന്നാണ് മാമ്മൻ രാജുവിൻെറ മറുപടി. അങ്ങനെയെങ്കിൽ ഈ സംഭവം നടന്നയുടൻ സഭയെ എന്തുകൊണ്ട് അറിയിച്ചില്ല എന്ന ചോദ്യത്തിന് മറുപടിയില്ല. ഗൾഫിൽ നിന്നും പിരിച്ചെടുത്ത ലക്ഷക്കണക്കിനു രൂപ ആരോരുമറിയാതെ



വിഴുങ്ങി എന്ന സത്യം പുറത്തു പറയാൻ പറ്റുമോ?

മാമ്മൻ രാജുവിന് മനഃപ്രയാസം ഉണ്ടാക്കുന്ന മറ്റു ചില പ്രശ്നങ്ങളുമുണ്ട്. പെൺമക്കളെ ചെറുപ്പക്കാരോടൊത്ത് കറങ്ങാൻ വിട്ട് മാമ്മൻ രാജു കുറച്ചധികം പണമുണ്ടാക്കിയതാണ്. ഇതൊന്നുമറിയാതെ അമേരിക്കയിൽ നിന്നും എത്തിയ ഒരു വിഡ്ഢി മൂത്തമോളെ കെട്ടിക്കൊണ്ട് അമേരിക്കക്കു പറന്നു. ഇപ്പോൾ വീട്ടിലുള്ള മോൾ ചേട്ടത്തിയേക്കാൾ കേമിയാണ്. പണമുണ്ടാക്കാനുള്ള വഴി നന്നായി അറിയുകയും ചെയ്യാം. പക്ഷേ, കഴിഞ്ഞ ലക്കം ഡിഫെൻഡർ വായിച്ചതോടെ പൊതുജനം സത്യം അറിഞ്ഞു. അതോടെ നാട്ടുകാർ മാമ്മൻ രാജുവിനെതിരെ തിരിഞ്ഞിരിക്കയാണ്. പഴയനിയമ കാലമായിരുന്നെങ്കിൽ ലേവ്യ.20:15 അനുസരിച്ച് കല്ലെറിഞ്ഞ് കൊല്ലേണ്ട ഒരു നീചൻ മാത്രമാണ് ഇപ്പോൾ വേങ്ങൂരിൽ മാമ്മൻ രാജുവിന് തുണയായിട്ടുള്ളത്.

## പോൾ ഗോപാലകൃഷ്ണനെതിരെ വിശ്വാസികൾ നോട്ടീസിറക്കി

അർഹിക്കുന്നതിൽ അധികം ബഹുമാനം ഒരു പ്രദേശത്തുനിന്ന് ആർക്കെങ്കിലും കിട്ടിയാൽ അത് കളഞ്ഞുകുളിച്ചിട്ടേ ആ ദേശം വിടാൻ പറ്റൂ. പോൾ ഗോപാലകൃഷ്ണൻെറ അനുഭവം ഈ വസ്തുത അരക്കിട്ടുറപ്പിക്കുന്നു. ഒരു ദശാബ്ദത്തിൽ അധികം മുൻപ് പോൾ ഗോപാലകൃഷ്ണൻ മുണ്ടിയപ്പള്ളി സഭയിൽ എത്തി. അർഹിക്കുന്നതിൽ അധികം ബഹുമാനം മുണ്ടിയപ്പള്ളിയിൽ നിന്നും കിട്ടുകയും ചെയ്തു. ഇതിൻെറ ഫലമാണ് ഇപ്പോൾ പോൾ ഗോപാലകൃഷ്ണൻ അനുഭവിക്കുന്നത്.

താൻ അതിവിശുദ്ധനാണെന്നും അതുകൊണ്ട് താൻ ചെയ്യുന്നതെല്ലാം ദൈവത്തിന് ഇഷ്ടമാണെന്നും ഒക്കെയാണ് പോൾ ഗോപാലകൃഷ്ണൻ ധരിച്ചുവെച്ചിരിക്കുന്നത്. അതുകൊണ്ട് എത്ര വലിയ നുണ പറയാനും ഇന്ന് പോൾ ഗോപാലകൃഷ്ണന് ശങ്കയില്ലാതായിരിക്കുന്നു. മാത്രമല്ല, താൻ ദൈവതുല്യനാകയാൽ തന്നെ എതിർക്കുന്നവരെല്ലാം മഹാപാപികളാണെന്നും പോൾ ഗോപാലകൃഷ്ണൻ ധരിച്ചുവെച്ചിരിക്കയാണ്. ഇതിൻെറയെല്ലാം ഫലമായി മുണ്ടിയപ്പള്ളി സഭയിലെ വിശ്വാസികളോട് അടിമകളോടെന്നപോലെ ഇദ്ദേഹം പെരുമാറാൻ തുടങ്ങി. അത് സഭയിൽ പ്രശ്നങ്ങൾക്ക് കാരണമായി. ഇതിൻെറയൊക്കെ ഫലമായി മുണ്ടിയപ്പള്ളി സഭ ഇപ്പോൾ മൂന്നു കഷണമായിക്കഴിഞ്ഞു.

ഇത്രയുമൊക്കെ ആയിട്ടും ഗോപാലകൃഷ്ണൻ പാഠം പഠിച്ചില്ല. വിശ്വാസികൾക്കെതിരെ അപവാദപ്രചരണവുമായി അദ്ദേഹം രംഗത്തുവന്നു. മറ്റൊരു പോംവഴിയും കാണാതായപ്പോൾ മുണ്ടിയപ്പള്ളിയിലെ ചില വിശ്വാസികൾ പ്രതികരിച്ചു. രണ്ടാഴ്ച മുൻപ് അവർ പ്രസിദ്ധീകരിച്ച നോട്ടീസിൻെറ കോപ്പി ഡിഫെൻഡർ ഓഫീസിലും ലഭിച്ചു. ഒരു ദശാബ്ദത്തിൽ അധികം കഴിഞ്ഞിട്ടും അദ്ദേഹം എങ്ങനെ മുണ്ടിയപ്പള്ളിയിൽ പാസ്റ്ററായി വിലസുന്നതെങ്ങനെ എന്ന് ആ നോട്ടീസിൽ പറയുന്നതുകേൾക്കൂ:

"കുറെ വർഷങ്ങൾക്കു മുൻപ്, അഞ്ചു വർഷത്തെ ശുശ്രൂഷയ്ക്കു ശേഷം പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ പിരിഞ്ഞപ്പോൾ പ്രശ്നം അവസാനിച്ചു എന്ന് അവർ കരുതിയിരുന്നു. പക്ഷേ, അത് ഒരു അടവായിരുന്നു എന്ന് പിന്നീട് വ്യക്തമായി. മുണ്ടിയപ്പള്ളി സഭ എന്നെന്നും സ്വന്തം കുടുംബസ്വത്തുപോലെ വെച്ചുകൊണ്ടിരിക്കുക എന്നതാണ് പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻെറ ലക്ഷ്യം. അതിനായി അദ്ദേഹം ഒരുക്കിയ പദ്ധതി എന്തെന്ന് പറയാം:

1. അഞ്ചു വർഷത്തെ ശുശ്രൂഷയ്ക്കുശേഷം പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ സഭ വിടുന്നു. പക്ഷേ, മറ്റൊരു സഭയുടെ ചാർജ് ഏൽക്കുന്നില്ല. പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻെറ അളിയനും ആജ്ഞാനുവർത്തിയുമായ പാസ്റ്റർ ക്രിസ്തുദാസ് മുണ്ടിയപ്പള്ളി സഭയുടെ പാസ്റ്ററാകുന്നു.

2. ക്രിസ്തുദാസ് പാസ്റ്ററായിരിക്കുമ്പോഴും പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ പതിവായി മുണ്ടായപ്പള്ളി സഭയിൽ എത്തി ശുശ്രൂഷ നടത്തുന്നു. ക്രിസ്തുദാസാണോ ഗോപാലകൃഷ്ണനാണോ സഭയുടെ പാസ്റ്റർ എന്ന് തിരിച്ചറിയാനാവാത്ത സ്ഥിതി. അതിനിടയിൽ, സഭാഹാളിനു മുൻപിലുള്ള സ്ഥലവും വീടും പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ വാങ്ങുകയും അവിടേക്ക് താമസം മാറ്റുകയും ചെയ്യുന്നു. ശാരോനിലെ മറ്റൊരു പാസ്റ്റർ ആ സ്ഥലം വാങ്ങാനായി തീരുമാനിച്ചതറിഞ്ഞ് ഗോപാലകൃഷ്ണൻ പാഞ്ഞെത്തി കൂടുതൽ വില വാഗ്ദാനം ചെയ്ത് രായ്ക്കുരാമാനം സ്ഥലം കച്ചവടമാക്കുകയാണ് ചെയ്തത്.

3. ഏതാനും വർഷം കഴിഞ്ഞ് ക്രിസ്തുദാസ് മാറുന്നു. വീണ്ടും പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ സഭയുടെ ചാർജ് ഏൽക്കുന്നു. കൂടാതെ, ക്രിസ്തുദാസിനും സഭാഹാളിന് അടുത്തുള്ള ഒരു സ്ഥലവും വീടും വാങ്ങുന്നു. അങ്ങനെ, മുണ്ടിയപ്പള്ളി സഭ അളിയനും അളിയനുംകൂടി ഇഷ്ടംപോലെ അളിച്ചുവാരുന്നു."

# ഭോഷ്ക്കിന്റെ ആത്മാവിനെ വിവേചിച്ചറിയുക

ആത്മീയൻ സകലത്തേയും വിവേചിക്കുന്നു എന്ന് ബൈബിൾ പറയുന്നു. പക്ഷേ, ഇന്നത്തെ ആത്മീയർക്ക് ആട്ടിൻകാഷ്ഠവും കൂർക്കയും തിരിച്ചറിയാൻ കഴിയുന്നില്ല. ഇതെന്തു മറിമായം?

ദൈവവചനമാണ് ദൈവമക്കളുടെ അളവുകോൽ. അത് നാം മറന്നിട്ട് കാലം കുറെ ആയി. പ്രശ്നം അതാണ്. ദൈവ വചനത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

ഇന്ന് പെന്തക്കോസ്ത് സമൂഹം ഭോഷ്ക്കിന്റെ സ്വാധീനത്തിലാണ്. പ്രജാപതിയുടെ കാലം മുതൽ തുടങ്ങിയതാണിത്. പ്രജാപതിക്ക് വേദത്തിൽ ഇല്ലാത്ത ഗുണഗണങ്ങളൊക്കെ ചാർത്തിക്കൊടുത്ത് ക്രിസ്തുവാക്കി അവതരിപ്പിച്ചിട്ടും അത് വിവേചിച്ചറിയാൻ ഒരു പെന്തക്കോസ്ത് നേതാവിനും കഴിഞ്ഞില്ല. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽപ്പോലും പ്രജാപതിയെന്ന കള്ള ക്രിസ്തു സ്ഥാനം പിടിച്ചു. കൺവെൻഷൻ സ്റ്റേജുകളിൽ വേദപുസ്തകത്തിലെ വചനങ്ങൾക്കു പകരം വേദമന്ത്രങ്ങൾ മുഴങ്ങി. എന്നിട്ടും പെന്തക്കോസ്ത് നേതൃത്വം ഭോഷ്ക്കിന്റെ ആത്മാവിനെ വിവേചിച്ചറിഞ്ഞില്ല. പെന്തക്കോസ്ത് നേതാക്കൻമാർക്ക് ആത്മീയ അന്ധത എത്രത്തോളം ഉണ്ടെന്നറിയാൻ ഈ ഒരു പ്രശ്നം മാത്രം മതിയാകും.

ഉണർവ്വ് യോഗങ്ങൾ എന്ന പേരിൽ നാടെങ്ങും നടക്കുന്ന തട്ടിപ്പുയോഗങ്ങൾ പഠനവിധേയമാക്കൂ. ഇവിടൊക്കെ എന്താണ് നടക്കുന്നത്? ദൈവവചനമാണോ ഈ യോഗങ്ങളിൽ ഘോഷിക്കപ്പെടുന്നത്? സത്യസുവിശേഷമാണോ അതോ മറ്റൊരു സുവിശേഷമാണോ ഈ കൺവെൻഷനുകളിൽ പ്രസംഗിക്കപ്പെടുന്നത്?

സുരേഷ് ബാബു എന്ന ഭോഷ്ക്കിന്റെ പുത്രൻ ദൈവമക്കളെ വഞ്ചിക്കാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിൽ അധികമായി. ഇതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ ഏതെങ്കിലും പെന്തക്കോസ്ത് നേതാവിന് കഴിഞ്ഞിട്ടുണ്ടോ? ഇല്ലെന്നു മാത്രമല്ല, സുരേഷ് ബാബുവിനെ വിളിച്ച് യോഗത്തിൽ പ്രസംഗിപ്പിക്കാത്ത ഏതെങ്കിലും പെന്തക്കോസ്ത് പ്രസ്ഥാനം ഈ കേരളക്കരയിലുണ്ടോ? സുരേഷ് ബാബുവിനോടൊപ്പം വേദി പങ്കിടാത്ത എത്ര പെന്തക്കോസ്ത് നേതാക്കൻമാരുണ്ട്? സുരേഷ് ബാബു വ്യഭിചാരിയും തട്ടിപ്പുകാരനും ഒക്കെയാണെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടും ഇയാളെ ചുമന്നുകൊണ്ടു നടക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർ ആരൊക്കെ? പറയാം.

കെ.സി.ജോൺ, മാത്യൂസ് ചാക്കോ തുടങ്ങിയവർ ഉൾപ്പെടെയുള്ള ആളുകളാണ് സുരേഷ് ബാബുവിനെ ദൈവദാസനായി അവതരിപ്പിച്ചു കൊണ്ടുനടക്കുന്നത്. എന്തുകൊണ്ടാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്? ഊഹിച്ചുകൊള്ളുക.

ഭോഷ്ക്കിന്റെ ആത്മാവിന്റെ ശക്തി ഇന്ന് പെന്തക്കോസ്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട് എന്നറിയാൻ ഇന്ന് ഏറ്റവും മാർക്കറ്റുള്ള പ്രസംഗകർ ആരൊക്കെയാണ് എന്ന് നോക്കിയാൽ മതിയാകും.

കെ.സി.ജോണാണ് പ്രസംഗകരിൽ ഒരാൾ. തൊഴിൽ വ്യഭിചാരമാണ്. മിച്ചം കിട്ടുന്ന സമയത്ത് സുവിശേഷ പ്രസംഗവും. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കും. ഉണർവ്വു പ്രസംഗകൻ എന്ന പേര് നിലനിർത്തുന്നത് അങ്ങനെയാണ്.

സുരേഷ് ബാബുവാണ് മറ്റൊരാൾ. വായ് തുറന്നാൽ നുണയേ പറയൂ. നടക്കാത്ത അത്ഭുതം നടന്നെന്നും ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായെന്നും പറഞ്ഞ് ജനത്തെ ഇളക്കുന്നു. ഇദ്ദേഹത്തിന്റെയും പ്രധാന തൊഴിൽ വ്യഭിചാരമാണ്.

സാമച്ചൻ എന്നൊരു വീരനാണ് അടുത്തത്. ഇദ്ദേഹവും ചക്കിക്കു ചേരുന്ന ചങ്കരൻ തന്നെ. ഇദ്ദേഹത്തെ വീട്ടിൽ കയറ്റിയാൽ എങ്ങനെയിരിക്കും എന്നറിയണമെങ്കിൽ കുവൈറ്റിലുള്ള അമ്മാമ്മമാരോട് ചോദിക്കണം എന്നു പറഞ്ഞാൽ കാര്യം പിടികിട്ടുമല്ലോ.

ജനത്തെ ഇളക്കി മറിക്കുന്ന പ്രസംഗകനാണ് എം.എ. വർഗീസ്. ഈ കക്ഷി പണ്ട് ശാസ്ത്രജ്ഞനായിരുന്നത്രേ. നാലാളെ മുൻപിൽ കണ്ടാൽ ഇദ്ദേഹം വിളിച്ചുകൂവുന്ന നുണകൾക്ക് ഒരു അതിരുമില്ല. ഇതൊക്കെ കേട്ട് ജനം ആത്വിൽ നിറയുന്നു. ഏതാത്മാവിൽ?

ഉണർവ്വ് പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന ഭൂരിപക്ഷം ആളുകളും ഇത്തരക്കാരാണെന്ന സത്യം ദുഃഖത്തോടെ പറയട്ടെ. ദുർന്നടപ്പുകാർ, ഭോഷ്ക്കു പറയുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയവർ, പണമുണ്ടാക്കാൻ വേണ്ടി ഏതു ഹീനമാർഗ്ഗവും പ്രയോഗിക്കുന്നവർ എന്നിങ്ങനെയുള്ളവരാണ് ഉണർവ്വു പ്രസംഗകരിൽ നല്ലൊരു പങ്ക്. പക്ഷേ, ഇവരെ വിവേചിച്ചറിയാനോ ഇവർക്കെതിരെ പ്രതികരിക്കാനോ ഒരു പെന്തക്കോസ്ത് നേതാവുപോലും ധൈര്യപ്പെടുന്നില്ല. കഷ്ടമന്നേ പറയേണ്ടൂ.

ഇത് കൺവെൻഷൻ സീസണാണ്, ദൈവമക്കൾ വഞ്ചിക്കപ്പെടാൻ ഏറ്റവും സാദ്ധ്യതയുള്ള കാലം. അതുകൊണ്ട് സൂക്ഷിക്കുക. കൺവെൻഷനെന്നും ഉണർവ്വു യോഗമെന്നു കേട്ടാൽ ചാടി പുറപ്പെടരുത്.

അത്ഭുതങ്ങളുടെ ദൈവം ഇന്നും ജീവിക്കുന്നു. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽ നടന്നതുപോലെയുള്ള എല്ലാവിധ അത്ഭുതങ്ങളും ഇക്കാലത്ത് നടക്കും. പക്ഷേ, നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് പ്രചരിപ്പിച്ച് ദൈവത്തിന് മഹത്വം ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യമില്ല.

വിശ്വസിക്കുന്ന ഏവരേയും രക്ഷിക്കാൻ സുവിശേഷത്തിന് ശക്തിയുണ്ട്. അതുകൊണ്ട് നിർമ്മല സുവിശേഷം പ്രസംഗിക്കുക. അതുകേട്ട് ജനം രക്ഷിക്കപ്പെടും. വിശ്വസിക്കുന്നവർക്കായി ദൈവം അത്ഭുതം പ്രവർത്തിക്കുമെങ്കിലും വിശ്വസിപ്പിക്കാനായി ദൈവം അത്ഭുതം പ്രവർത്തിക്കാറില്ല. അതുകൊണ്ട് കൺവെൻഷൻ സ്റ്റേജിൽ വെച്ച് അത്ഭുതം നടത്തി മാനവും മഹത്വവും നേടാൻ ശ്രമിക്കുന്ന പ്രസംഗകരെ സൂക്ഷിക്കുക.

സാത്താനെ കണ്ടാൽ സാത്താനാണെന്ന് തിരിച്ചറിയാനുള്ള കഴിവ് വിശ്വാസിക്കുണ്ടായിരിക്കണം. സ്വന്തം ഭർത്താവിനെ ഭാര്യക്ക് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ - കാണുന്ന പുരുഷൻമാരെല്ലാം ഭർത്താവാണെന്ന് ഒരു സ്ത്രീ വിശ്വസിക്കുന്നെങ്കിൽ - എന്തു സംഭവിക്കുമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ഇന്നത്തെ പെന്തക്കോസ്ത് പ്രസ്ഥാനം ഏറെക്കുറെ ഈ അവസ്ഥയിലാണ്.

# ടി.എസ്. ബാലൻ മറുപടി പറയുന്നു

**?** ഇന്റർനെറ്റ് കേസ്സ് വിചാരണ തുടങ്ങി എന്ന് ഒരു ദിനപ്പത്രത്തിൽ വായിച്ചു. പക്ഷേ, ഇതേപ്പറ്റി ഒന്നും ഡിഫെൻഡറിൽ കണ്ടില്ല. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് വിശദീകരിക്കണം.

■ ഇന്റൻനെറ്റ് കേസ്സ് ഒന്നര മാസം മുൻപ് വിചാരണ തുടങ്ങി എന്നത് സത്യമാണ്. അതേപ്പറ്റി ഒരു പ്രഭാത ദിനപ്പത്രത്തിൽ വാർത്തയും വന്നിരുന്നു. എന്നാൽ ഞാൻ ഈ കേസ്സിലെ പ്രതിയാകയാൽ ഇതേപ്പറ്റി പറയാൻ ചില പരിമിതികളുണ്ട്. എങ്കിലും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പറയാവുന്നത് പറയാം.

ഈ കേസ്സിൽ ഞാൻ രണ്ടാം പ്രതിയാണ്. എന്റെ മകനാണ് ഒന്നാം പ്രതി. പ്രോസിക്യൂഷൻ 34 സാക്ഷികളുടെ ലിസ്റ്റാണ് ഹാജരാക്കിയിട്ടുള്ളത്. അതിൽ ഒന്നാം സാക്ഷി റ്റി.എസ്. ഏബ്രഹാമാണ്. മകളായ മേഴ്സി രണ്ടാം സാക്ഷി. വൽസൻ ഏബ്രഹാം മൂന്നാം സാക്ഷി. ഇവർ മൂവരേയും വിസ്തരിച്ചു കഴിഞ്ഞു.

എന്റെ മകന് കേസ്സ് സ്വയം വാദിക്കാനുള്ള അറിവോ കഴിവോ ഇല്ല. അതുകൊണ്ട് അവനുവേണ്ടി ഞാൻ അഡ്വ. ജെയിംസിനെ ഏർപ്പെടുത്തിയിട്ടുണ്ട്. എനിക്കുവേണ്ടിക്കൂടി ഒരു വക്കീലിനെ ഏർപ്പെടുത്താനുള്ള സാമ്പത്തികസ്ഥിതി എനിക്കില്ല. ഡിഫെൻഡർ പ്രസിദ്ധീകരിക്കാനും വീട്ടുചെലവുകൾ നടത്തിക്കൊണ്ടുപോകാനും ഞാൻ വളരെ ബുദ്ധിമുട്ടുന്നുണ്ട്. കൂടാതെ പരിശുദ്ധ പെന്തക്കോസ്തുകാർ എനിക്കെതിരെ കൊടുത്ത ഒരു ഡസനോളം കേസ്സുകൾ നടത്താനും പണം വേണം. അതിനിടയിൽ ഈ കേസ്സിന് ഒരു വക്കീലിനെ വെക്കാൻ എനിക്കാവില്ല. അതുകൊണ്ട് ഇന്റർനെറ്റ് കേസ്സ് ഞാൻ സ്വയം വാദിക്കയാണ്.

ആദ്യത്തെ മൂന്നു സാക്ഷികളായ റ്റി.എസ്.ഏബ്രഹാം, മേഴ്സി, വൽസൻ ഏബ്രഹാം എന്നിവരെ ഒന്നാം പ്രതിയുടെ വക്കീലായ അഡ്വ.ജെയിംസും ഞാനും കോടതിയുടെ അനുവാദത്തോടെ ക്രോസ് വിസ്താരം ചെയ്യുകയുണ്ടായി. അവർ കോടതിയിൽ എന്തൊക്കെയാണ് പറഞ്ഞത് എന്ന് ഈ അവസരത്തിൽ പറയാൻ ചില നിയമതടസ്സങ്ങളുണ്ട്. അതുകൊണ്ട് ആ വിഷയം വിട്ടുകളയുന്നു. ഇനിയും 31 പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിക്കാനുണ്ട്. അതു കഴിഞ്ഞ് പ്രതിഭാഗം ഹാജരാക്കുന്ന സാക്ഷികളെ വിസ്തരിക്കും.

ഐ.പി.സിയുടെ പ്രസിഡന്റായ റ്റി.എസ്.ഏബ്രഹാം 2002 മാർച്ച് 6ന് മാത്യു വർഗീസ് എന്നൊരാൾക്കെതിരെ കൊടുത്ത കേസ്സാണ് കറങ്ങിത്തിരിഞ്ഞ് എന്റെ തലയിൽ വന്നത്. മാർച്ച് 6ന് കൊടുത്ത കേസ്സ് മാർച്ച് 5ന് (അതായത്, ഒരു ദിവസം മുൻപ്) പോലീസ് അന്വേഷണം നടത്താൻ തുടങ്ങി. പാവപ്പെട്ടവൻ കേസ്സ് കൊടുത്താൽ തിരിഞ്ഞുനോക്കാത്ത പോലീസ് ഇവിടെ കേസ്സ് കൊടുക്കുംമുൻപേ അന്വേഷണം തുടങ്ങി. അതാണ് പണത്തിന്റെ ശക്തി.

അക്കാലത്ത് കുറെ വ്യാജ ഈമെയിലുകൾ പ്രചരിച്ചിരുന്നു എന്നത് ശരിതന്നെ. അതേപ്പറ്റി പോലീസ് കോടതിയിൽ കൊടുത്ത റിപ്പോർട്ടിന്റെ ചുരുക്കം ഇതാണ്:

വൽസൻ ഏബ്രഹാമിന് ലഭിച്ച ഈമെയിലുകളിൽ നിന്നും എട്ടെണ്ണം വൽസൻ ഏബ്രഹാം എറണാകുളത്തുള്ള ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധന് അയച്ചുകൊടുത്തു എന്നും അയാൾ അവയുടെ പ്രിന്റ് എടുത്തു എന്നും പോലീസ് പറയുന്നു. ഈ പ്രിന്റുകൾ അയാൾ 2002 മാർച്ച് 11ന് പത്തനംതിട്ട ഡി.വൈ.എസ്.പി. ആയ ആർ.രാമചന്ദ്രൻ നായർക്ക് കൊടുത്തു. അദ്ദേഹം അവ മാർച്ച് 14ന് മദ്രാസ്സിലുള്ള സത്യം ഇൻഫോവെ കമ്പനിക്ക് അയച്ചു. അവർ അത് പരിശോധിക്കുകയും ഈ കത്തുകൾ അയച്ചത് റ്റി.എസ്. ബാലനാണ് എന്ന് ഏപ്രിൽ 1ന് അവർ റിപ്പോർട്ട് അയക്കുകയും ഏപ്രിൽ 5ന് അത് ഡി.വൈ.എസ്.പിക്ക് കിട്ടുകയും ചെയ്തു. ഈ റിപ്പോർട്ട് ആധാരമാക്കി പോലീസ് ഞങ്ങളെ അറസ്റ്റ് ചെയ്തു. ഇതാണ് പോലീസ് ഭാഷ്യം.

എട്ടു മാസം മുൻപ് ഈ കേസ്സിന്റെ രേഖകളുടെ കോപ്പികൾ എനിക്ക് കോടതിയിൽ നിന്ന് ലഭിക്കുകയുണ്ടായി. അത് ഞാൻ വിശദമായി പരിശോധിച്ചു. മാർച്ച് 11ന് ഡി.വൈ.എസ്.പിക്ക് കിട്ടി എന്ന് പോലീസ് പറയുന്ന ഈ മെയിലുകൾ പ്രിന്റ് ചെയ്തത് ഏപ്രിൽ 11ന് ആണെന്ന് കമ്പ്യൂട്ടർ ആ കടലാസ്സുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. എന്നെ കുരുക്കാൻ പോലീസ് തെളിവുകൾ കെട്ടിച്ചമച്ചപ്പോൾ പറ്റിയ ഒരു അബദ്ധമാണത്. ഏതായാലും ഈ സംഗതി തക്ക സമയത്ത് കോടതിയുടെ ശ്രദ്ധയിൽ പെടുത്താം എന്ന് ഞാൻ തീരുമാനിച്ചു. വൽസൻ ഏബ്രഹാമിനെ വിസ്തരിച്ചപ്പോൾ പ്രോസിക്യൂഷൻ ഈ പ്രിന്റുകൾ കോടതിയിൽ സമർപ്പിച്ച് മാർക്ക് ചെയ്യിക്കയും ചെയ്തു.

നവംബർ 21ന് റ്റി.എസ്. ഏബ്രഹാമിനെ വിചാരണ ചെയ്യുന്ന അവസരത്തിൽ ഞാൻ ഈ പ്രിന്റുകൾ വീണ്ടും പരിശോധിച്ചു. അപ്പോൾ പുതിയ പ്രിന്റുകളാണ് അവിടെ കണ്ടത്. അവ പ്രിന്റ് ചെയ്തത് ഫെബ്രുവരി 25ന് ആണെന്നും ഞാൻ കണ്ടു. കോടതിയിൽ സമർപ്പിച്ച ഈമെയിൽ പ്രിന്റുകൾ ആരോ മാറ്റിയിരിക്കുന്നു. ആര്? അതേപ്പറ്റി ഇപ്പോൾ ഞാൻ പറയുന്നില്ല.

ഏഴു വർഷം വരെ തടവുശിക്ഷ കിട്ടുന്ന കുറ്റമാണത്. ഈ പ്രശ്നം ഞാൻ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഒരു പരാതി എഴുതി സമർപ്പിക്കുവാൻ കോടതി എന്നോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഒരു പരാതി ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഡിസംബർ ആദ്യ ആഴ്ചയിൽ അത് കോടതിയിൽ സമർപ്പിക്കും.

## വരിസംഖ്യ നിർബ്ബന്ധമാക്കുന്നു

അടുത്ത ലക്കം മുതൽ ഡിഫെൻഡറിന് വരിസംഖ്യ നിർബ്ബന്ധമാക്കുകയാണ്. മാസത്തിൽ ഒരിക്കൽ നാലുപേജ് പ്രസിദ്ധീകരിച്ചിരുന്നപ്പോൾ ഡിഫെൻഡർ സൗജന്യമായി കൊടുക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ അതല്ല സ്ഥിതി. ജനുവരി മുതൽ ഡിഫെൻഡർ ദ്വൈവാരികയാകും. പേജുകൾ 24 ആയി വർദ്ധിക്കും. അതുകൊണ്ട് ജനുവരി ലക്കം മുതൽ വരിസംഖ്യ നൽകാത്തവർക്ക് ഡിഫെൻഡർ ലഭിക്കുന്നതല്ല. ഇപ്പോൾ സാമ്പിൾ കോപ്പി ലഭിക്കുന്നവരും വരിസംഖ്യ പുതുക്കുന്നവരും ഈ മാസം 25ന് അകമായി വരിസംഖ്യ അയച്ചുതരിക. മണിയോർഡർ അയക്കുന്നതാണ് സൗകര്യം. ചെക്ക്, ഡ്രാഫ്റ്റ്, വിദേശ മണിയോർഡർ തുടങ്ങിയവ **T.S.Balan** എന്ന പേരിൽ, പെരുമ്പാവൂരിൽ മാറത്തക്ക വിധം എടുത്ത് അയച്ചു തരിക.

<u>വാർഷിക വരിസംഖ്യ</u>

ഇന്ത്യയിൽ : 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# എം.എ.വർഗീസിന് മറുപടിയില്ല

ശാസ്ത്രജ്ഞനായ എം.എ.വർഗീസിനെതിരെ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വാർത്ത ഉണ്ടായിരുന്നു. അയാൾ ശാസ്ത്രജ്ഞനല്ല, മണ്ണാങ്കട്ടയുമല്ല എന്ന് കാര്യകാരണസഹിതം ഡിഫെൻഡർ വിശദീകരിച്ചിരുന്നു. അതിന് എന്തെങ്കിലും മറുപടി ഉണ്ടെങ്കിൽ പറയണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും എം.എ.വർഗീസിന് മറുപടിയൊന്നും നൽകാനുള്ള ധൈര്യമുണ്ടായില്ല.

ഇന്ത്യാ ഗവൺമെന്റ് എം.എ.വർഗീസിനെ അമേരിക്കയിൽ വിട്ട് പഠിപ്പിച്ചത്രേ. എന്താണാവോ പഠിപ്പിച്ചത്? അതുമാത്രം എം.എ.വർഗീസ് പറയുന്നില്ല. ഇത്ര വലിയ വിദ്യാഭ്യാസയോഗ്യതയുള്ള എം.എ.വർഗീസിന് ECNR മുദ്രയുള്ള പാസ്പോർട്ട് മൂന്നു വർഷം മുൻപുവരെ ഇല്ലായിരുന്നു. എന്തുകൊണ്ട്?

എം.എ.വർഗീസ് ഒരു സാധാരണ ജോലിക്കാരനായിരുന്നു. ഒരിക്കൽ എന്തോ തിരിമറി നടത്തിയതിന് എം.എ.വർഗീസിനെ ജോലിയിൽ തരംതാഴ്ത്തി. ശമ്പളവും വെട്ടിക്കുറച്ചു. അതോടെയാണ് എം.എ.വർഗീസ് ജോലി രാജിവെച്ച് പുറത്തുപോന്നത്. താൻ ശാസ്ത്രജ്ഞനായിരുന്നെന്നും സുവിശേഷവേല ചെയ്യാൻ ജോലി രാജിവെച്ച് ഇറങ്ങിയതാണെന്നും ഒക്കെയാണ് എം.എ.വർഗീസിന്റെ വീരസ്യം പറച്ചിൽ. ഇതൊക്കെ കേട്ട് ഹാലേലൂയ്യാ പറയാൻ നിരവധി ആളുകളുമുണ്ട്.

തനിക്ക് രോഗശാന്തിവരമുണ്ടെന്നത്രേ എം.എ.വർഗീസിന്റെ അവകാശവാദം. പക്ഷേ, ഇത് ശുദ്ധ നുണയാണ്. എം.എ.വർഗീസ് പ്രാർത്ഥിച്ച് രോഗം മാറിയ ഒരു സംഭവംപോലും ഉണ്ടായിട്ടില്ല. ഉണ്ടെന്നു പറയുന്നത് നുണയാണ്, കള്ളസാക്ഷ്യമാണ്. അത് വിശ്വസിക്കരുത്.

കാല് വലിച്ചുനീട്ടുന്ന അത്ഭുതവിദ്യ എം.എ.വർഗീസിനറിയാം. മില്ലീമീറ്റർ കണക്കിനാണ് വർദ്ധന. അത് എം.എ.വർഗീസ് സ്കെയിൽ വെച്ച് അളന്ന് കാണിച്ചുതരികയും ചെയ്യും. പക്ഷേ, ശുദ്ധ തട്ടിപ്പാണിത്. കാരണം, മനുഷ്യന്റെ കാലിന്റെ നീ കൃത്യമായി അളക്കുന്നതെങ്ങനെ? എവിടം മുതൽ എവിടം വരെയാണ് അളക്കുക?

വിശ്വാസികളെ മാത്രമല്ല, സർക്കാരിനേയും എം.എ.വർഗീസ് കബളിപ്പിക്കുകയാണ്. അനേകലക്ഷം രൂപ വാർഷിക വരുമാനമുള്ള എം.എ.വർഗീസ് നാമമാത്രമായ ആദായനികുതി മാത്രമാണ് അടയ്ക്കുന്നത്. അതുപോലും കൊടുക്കാൻ തുടങ്ങിയത് 1999ൽ മാത്രമാണ്. ECNR പാസ്പോർട്ടിൽ അടിച്ചുകിട്ടാനുള്ള കുറുക്കുവഴി എന്ന നിലയിലാണ് എം.എ.വർഗീസ് ആദായനികുതി കൊടുക്കാൻ തുടങ്ങിയത്. ഇങ്ങനെ, ദൈവത്തെയും മനുഷ്യനേയും സർക്കാരിനേയും ഒന്നുപോലെ കബളിപ്പിക്കുന്ന എം.എ.വർഗീസ് ഭോഷ്ക്കിന്റെ ആത്മാവിന്റെ പിടിയിലാണ്.

# വരുന്നൂ കള്ളൻ കോതമംഗലത്ത്



കോതമംഗലം ദേശത്തുള്ളവർ സൂക്ഷിക്കുക: നിങ്ങളുടെ നാട്ടിൽ ഒരു കള്ളൻ വരുന്നു. പേര്: പാസ്റ്റർ കെ.സി.ജോൺ. സ്വദേശം: നെടുമ്പ്രം. തൊഴിൽ: വ്യഭിചാരം, തട്ടിപ്പ് തുടങ്ങിയവ. ഇതൊക്കെ കഴിഞ്ഞ് സമയം കിട്ടിയാൽ സുവിശേഷപ്രസംഗവും നടത്തും. പവ്വർ വേഡ് മിനിസ്ട്രീസ് എന്നൊരു സംഘടനയുടെ ലേബലിലാണ് ഇയാൾ കോതമംഗലത്ത് എത്തുന്നത്. പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം സ്വദേശിയായ മാത്യൂസ് ചാക്കോ എന്നൊരാളാണ് ഈ തട്ടിപ്പുകാരന്റെ പ്രധാന ദല്ലാൾ. കോതമംഗലത്തും ചുറ്റുപാടുമുള്ള കുറെ കള്ള പാസ്റ്റർമാരും ഈ സംഘത്തിലുണ്ട്. ഡിസംബർ രണ്ടാം ആഴ്ചയിലാണ് ഇയാൾ കോതമംഗലത്തെത്തുക.

ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് എന്ന സംഘടനയുടെ കേരള സംസ്ഥാന കൗൺസിലിന്റെ ജനറൽ സെക്രട്ടറി ആയിരുന്നു ഈ ചങ്ങാതി. പക്ഷേ, ഇത്തവണ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യതയില്ല. അതുകൊണ്ട് അതൊക്കെ വിട്ട് സുവിശേഷഘോഷണവുമായി ഇറങ്ങിയിരിക്കയാണ്. ഓരോ പ്രദേശത്തും ചെന്ന് അത്യുഗ്രൻ യോഗങ്ങൾ നടത്തി ജനവഞ്ചന നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഏതാനും ആഴ്ച മുൻപ് വയനാട് ജില്ലയിലെ മീനങ്ങാടിയിൽ ഒരു യോഗം സംഘടിപ്പിച്ചിരുന്നു.

ദൈവഭക്തരായ നിരവധി പാസ്റ്റർമാർ പെന്തക്കോസ്ത് സഭകളിലുണ്ട്. പക്ഷേ, അവർക്കുകൂടി നാണക്കേടുണ്ടാക്കുന്നത് കെ.സി.ജോണിനേപ്പോലുള്ള നീചൻമാരാണ്. വ്യഭിചരിക്കാനുള്ള ഒരു അവസരവും പാഴാക്കാത്തവനാണ് കെ.സി. ജോൺ. ബൈബിൾ സ്കൂളിൽ പഠിക്കുമ്പോൾ അവിടത്തെ അടുക്കളക്കാരിയുമായി അവിഹിത ബന്ധം പുലർത്തിക്കൊണ്ട് ആരംഭിച്ചതാണ് കെ.സി.ജോണിന്റെ വ്യഭിചാര ജീവിതം. അമ്മയേയും മകളേയും ഒന്നുപോലെ ഭാര്യയാക്കുന്നിടംവരെ എത്തി ആ ജൈത്രയാത്ര. ചെന്നു കയറുന്ന എല്ലാ വീട്ടിലും വ്യഭിചരിക്കുക എന്നതാണ് ഈ മഹാന്റെ ജീവിതശൈലി. പലവട്ടം തൊണ്ടിസഹിതം പിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽ നിന്നെല്ലാം തലയൂരാൻ കെ.സി.ജോണിന് കഴിഞ്ഞു. അതുകൊണ്ട് ഇയാൾ ഇന്നും വിശുദ്ധനായി വിലസുന്നു.

ഒരിക്കൻ ഒരു പാസ്റ്റർ തന്റെ ഭാര്യയോടൊപ്പം ഇയാളെ പിടികൂടി. പക്ഷേ, പ്രബലനായ കെ.സി.ജോണിനെതിരെ എന്തെങ്കിലും ചെയ്യാൻ ആ പാവം പാസ്റ്റർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അയാൾ പരാതിയുമായി പല പെന്തക്കോസ്ത് പത്രങ്ങളേയും സമീപിച്ചു. കെ.സി. ജോണിനെതിരെ എഴുതാൻ ആരും ധൈര്യം കാണിച്ചില്ല. ഒടുവിൽ ഈ പാസ്റ്റർ തിരുവല്ലയിലുള്ള ഒരാളെ സമീപിച്ചു. നടന്നതെല്ലാം എഴുതി കൊടുക്കാൻ അയാൾ അവശ്യപ്പെട്ടു. അതനുസരിച്ച് പാസ്റ്റർ എല്ലാം എഴുതിക്കൊടുത്തു. ഇങ്ങനെ കിട്ടിയ കത്ത് ഉപയോഗിച്ച് അയാൾ കെ.സി.ജോണിനെ ബ്ലാക്ക്മെയിൽ ചെയ്ത് പണവും സ്ഥാനമാനങ്ങളും നേടിക്കൊണ്ടിരിക്കുന്നു.

# തുപ്പൽ ശുശ്രൂഷ, പുഞ്ചിരി ശുശ്രൂഷ, കിടപ്പുശുശ്രൂഷ, അടുത്തതെന്ത്?

ശുശ്രൂഷകൾ പലവിധം. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര, ശാപം പൊട്ടിക്കൽ, കൈവിഷമിറക്കൽ, ഛർദ്ദിപ്പിക്കൽ .... അങ്ങനെ നീണ്ടുപോകുന്നു ഈ ശുശ്രൂഷകളുടെ ലിസ്റ്റ്.

ഇതിനൊക്കെ ബൈബിളിൽ ആധാരമുണ്ടോ എന്നു ചോദിച്ചാൽ ഉടൻ മറുപടി വരും: "ശവമടക്ക് നടത്താനും കല്ല്യാണം നടത്തിക്കൊടുക്കാനും എന്താണ് ആധാരം?" ശരിയല്ലേ കുറുപ്പേ?

ബൈബിളിലെ ഏതു വാക്യത്തിലാണ് പാസ്റ്റർമാർ വിവാഹം നടത്തിക്കൊടുക്കുന്ന കാര്യം പറയുന്നത്? എങ്ങുമില്ല. അതുപോലെ ശവമടക്കു ശുശ്രൂഷ എന്നൊന്ന് ബൈബിളിൽ ഉണ്ടോ? ഇല്ലേ ഇല്ല. എന്നിട്ടും ക്രൈസ്തവസഭകൾ ഇതൊക്കെ നടത്തുന്നു. അതുപോലെ, ബൈബിളിൽ ആധാരമില്ലെങ്കിലും ഊതിവീഴ്ത്ത് പൊടിപൊടിക്കാം.

ശവമടക്കും വിവാഹവും പാസ്റ്റർമാർ നടത്തിക്കൊടുക്കണം എന്ന് ബൈബിൾ പറയുന്നില്ല എന്നത് ശരിതന്നെ. പക്ഷേ, ഇവയൊന്നും നടത്താൻ അതീന്ദ്രിയ ശക്തിയൊന്നും വേണ്ട. എല്ലാ മതക്കാരും വിവാഹം കഴിക്കുകയും ശവസംസ്ക്കാരം നടത്തുകയും ചെയ്യുന്നു. ദൈവ വിശ്വാസി അല്ലാത്ത ഇടമറുകിനും ഇതൊക്കെ ചെയ്യാം. പക്ഷേ, അതുപോലെയല്ല ഊതിവീഴ്ത്തും മറ്റും. അതിൽ അതീന്ദ്രിയമായ എന്തോ ശക്തി പ്രവർത്തിക്കുന്നുണ്ടാകാം. ഉണ്ടെങ്കിൽ ആ ശക്തി ഏത്? ബൈബിളിൽ ആധാരമില്ലാത്ത ശുശ്രൂഷകൾ ചെയ്യിക്കുന്നത് ദൈവമാവല്ല സാക്ഷാൽ ചെകുത്താന്റെ ആത്മാവാണത്.

ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഈ തട്ടുപൊളിപ്പൻ ശുശ്രൂഷകൾ കൊണ്ടുതന്നെ ജനം സഹികെട്ടിരിക്കുകയാണ്. അതിനിടയിലാണ് തുപ്പൽ ശുശ്രൂഷ, പുഞ്ചിരി ശുശ്രൂഷ, കിടപ്പു ശുശ്രൂഷ എന്നിവകൂടി രംഗത്തെത്തിയിരിക്കുന്നത്.

വിശ്വാസിക്ക് പ്രസംഗകന്റെ തുപ്പൽ ഏതെങ്കിലും തുണിയിൽ ആക്കി കൊടുത്തുവിടുന്ന പരിപാടിയാണ് തുപ്പൽ ശുശ്രൂഷ. മുഖത്തും ദേഹത്തും ഒക്കെ തുപ്പുന്നവരുമുണ്ട്. കർത്താവ് തുപ്പി എന്നതാണ് ഇവരുടെ ന്യായം.

ആരെ കണ്ടാലും ചിരിക്കുക. അപ്പോൾ ചിരിയിലൂടെ ദൈവാത്മാവ് പ്രവഹിച്ച് അയാളെ മാനസാന്തരപ്പെടുത്തും.

പ്രവാചകൻ കുട്ടിയുടെ മേൽ കിടന്നതുപോലെ രോഗിയുടെമേൽ കിടന്ന് രോഗശാന്തി വരുത്തുന്ന ഒരു വീരൻ തമിഴ്നാട്ടിൽ ഉള്ളതായി ജാമക്കാരൻ വെളിപ്പെടുത്തുന്നു. ഈ ശുശ്രൂഷ ഏറെ താമസിയാതെ കേരളത്തിൽ എത്തിയേക്കാം. ഏതായാലും വചനം വിട്ടു. ഇനി ഏതളവു വരെ വേണമെങ്കിലും താഴാമല്ലോ. അതു കൊണ്ട് ഈ പുതിയ ശുശ്രൂഷകളും നടക്കട്ടെ.

# പത്രം വായിക്കരുത്: റ്റി.ജി.കോശി

പത്രമാസികകൾ വായിക്കരുത്. വായിച്ചാൽ ആത്മഹത്യ ചെയ്യേണ്ടതായി വരും. ഈ ഉപദേശം ഡാക്കിട്ടർ റ്റി.ജി. കോശിയുടെ വകയാണ്. അതുകൊണ്ട് സർവ്വമാന ശാരോൻകാരും ചോദ്യം ചെയ്യാതെ അനുസരിച്ചുകൊള്ളണം.

ആരെയെങ്കിലും വിമർശിച്ചാൽ സഭയിൽ നിന്നും പുറത്താക്കും എന്നൊരു ഭരണഘടനാ ഭേദഗതി ഈയിടെ ശാരോൻ ഭരണഘടനയിൽ റ്റി.ജി.കോശിയും കൂട്ടരും ചേർന്ന് വരുത്തിയിരുന്നു. പത്രമാസികകൾ വായിക്കുന്നവരെ ശാരോനിൽ നിന്നും പുറത്താക്കും എന്നൊരു ഭേദഗതി ആസന്ന ഭാവിയിലുണ്ടായേക്കാം.

പത്രം വായിച്ചാൽ എന്താണ് അപകടം? പറയാം. സത്യം പറയാൻ ധൈര്യമുള്ള പത്രങ്ങൾ ജനം വായിച്ചാൽ ഈ നേതാക്കൻമാരുടെ തട്ടിപ്പ് പൊളിയും. ഇവരൊക്കെ ദുർന്നടപ്പുകാരും തട്ടിപ്പുകാരും ഒക്കെ ആണെന്ന വസ്തുത ജനം അറിയും. റ്റി.ജി.കോശിയുടെ ആലപ്പുഴ എപ്പിസോഡ്, റ്റി.പി. പുത്രന്റെ പ്രകൃതി വിരുദ്ധം, സി.വി.ജോണിന്റെ തമാശകൾ, കരിമ്പിൻകാടന്റെ പുരാവൃത്തം, പി.എം.ജോണിന്റെ വീട്ടിലെ കഥകൾ, തുടങ്ങിയതൊക്കെ ജനം അറിയും. അത് തടയാനാണ് ജനം പത്രമാസികകൾ വായിക്കരുതെന്ന് പറയുന്നത്.

# കെ.സി.ജോണിന്റെ പ്രസംഗം: ജനക്കൂട്ടത്തെ കാണാനില്ല

കെ.സി.ജോണിന്റെ ടി.വി.പ്രോഗ്രാം കണ്ടാൽ ആയുസ്സ് വർദ്ധിക്കും. കാരണം, മതിമറന്ന് ചിരിക്കാനുള്ള വക അതിൽ നിന്ന് തീർച്ചയായും കിട്ടും. ഒരു ഉദാഹരണം പറയാം.

നവംബർ 6ന് കെ.സി. ജോണിന്റെ ടി.വി. പ്രോഗ്രാം ഉണ്ടായിരുന്നു. കെ.സി.ജോൺ അമേരിക്കയിലെവിടെയോ പ്രസംഗിച്ചത് വീഡിയോയിൽ എടുത്ത് കാണിക്കുകയാണ്. കെ.സി. ജോൺ അത്യുഗ്രമായി പ്രസംഗിക്കുന്നു. പതിവുപോലെ അലറുന്നു. ഇടയ്ക്കൊക്കെ അമറുന്നു. പക്ഷേ, ഒരു വ്യത്യാസം മാത്രം. ഇത്തവണ ജനക്കൂട്ടത്തെ കാണിക്കുന്നില്ല. എന്തുപറ്റി?

കേരളത്തിൽ നടന്ന ഏതെങ്കിലും യോഗത്തിന്റെ വീഡിയോ ആയിരുന്നെങ്കിൽ ജനം ഇളകി ആടുന്നത് കാണിക്കാമായിരുന്നു. പക്ഷേ, അമേരിക്കയിൽ നടത്തിയ പ്രസംഗത്തിനിടയിൽ ഇന്ത്യയിലെ ജനങ്ങളെ ശ്രോതാക്കളായി കാണിച്ചാൽ ഡിഫെൻഡർ കണ്ടുപിടിക്കും. പിന്നീട് അതാകും വിസ്താരം. അതുകൊണ്ട് ജനക്കൂട്ടത്തെ കാണിക്കുന്നില്ല.

പക്ഷേ, അതുമാത്രമല്ല കാരണം. ഇന്ത്യയിലെപ്പോലെ അമേരിക്കയിലെ സ്ത്രീകൾ കെ.സി.ജോണിന്റെ വാക്കുകേട്ട് തുള്ളുന്നില്ല. തുള്ളാത്ത പെണ്ണുങ്ങളെ ടി.വിയിൽ കാണിച്ചാൽ പ്രസംഗം ചീറ്റിപ്പോകും. മീനങ്ങാടിയിലെ പ്രസംഗം ടി.വിയിൽ കണിക്കുമ്പോൾ അത്യുഗ്രമായി തുള്ളുന്ന സ്ത്രീകളെ കാണിക്കുമെന്നതിന് സംശയമില്ല.

ജനക്കൂട്ടത്തെ കാണിക്കാത്തതിന് മറ്റൊരു കാരണം കൂടിയുണ്ട്. പ്രസംഗത്തിന്റെ അവസാന ഭാഗത്ത് ശ്രോതാക്കളെ അബദ്ധത്തിൽ കാണിച്ചുപോയി. അതു കണ്ടപ്പോൾ സംഗതി പിടികിട്ടി. മൈക്കിലൂടെ കെ.സി.ജോൺ അലറി വിളിച്ച് പ്രസംഗിച്ച് ഉണർത്തിയത് നൂറിൽ താഴെ വരുന്ന ഒരു ജനക്കൂട്ടത്തെ മാത്രം. പ്രസംഗത്തിനിടയിൽ ശ്രോതാക്കളെ കാണിക്കുന്ന പതിവ് തൽക്കാലം വേണ്ടെന്നു വെച്ചതിന്റെ ഗുട്ടൻസ് ഇതാണ്.

നവംബർ 6ന് കെ.സി. ജോൺ അവതരിപ്പിച്ച ഒരു സിദ്ധാന്തം പറഞ്ഞുകൊണ്ട് നിർത്തട്ടെ: രണ്ടാം ദിവസത്തെ സൃഷ്ടി കഴിഞ്ഞ് ദൈവം "നല്ലത്" എന്ന് പറഞ്ഞില്ല. എന്തുകൊണ്ട്? ദൈവം വെള്ളങ്ങളെ വേർപിരിച്ചത് രണ്ടാം ദിവസമാണ്. അതേ വെള്ളമാണ് നോഹയുടെ കാലത്ത് ജലപ്രളയം ഉണ്ടാക്കാൻ ഉപയോഗിച്ചത്. അതുകൊണ്ടാണ് "നല്ലത് എന്ന് ദൈവം കണ്ടു" എന്ന് പറയാൻ കഴിയാത്തത്.

വ്യാഖ്യാനം ഇവിടം കൊണ്ട് തീരുന്നില്ല. "ദൈവം ഭൂമിക്കുള്ളിൽ വെള്ളം നിറച്ചു വെച്ചതുപോലെ നമ്മിൽ കഴിവുകൾ നിറച്ചു വെച്ചിരിക്കയാണ്. അത് തുറന്നുവിടുക". ഈ വ്യാഖ്യാനം കേട്ടാൽ ചത്തു കിടക്കുന്നവൻ എഴുന്നേറ്റിരുന്ന് ചിരിക്കും.

THE DEFENDER *Supplement*
Vol. No. 6 Issue No. 12 RNI No. 68089 / 97 Published From Perumbavoor December 2003 Postal Reg. No. KL/CR/ALY/221/2003-05

# ശാരോൻ പ്രശ്നം: വിശ്വാസികൾ പ്രതികരിക്കുന്നു



**ശാരോൻ ഫെലോഷിപ്പിലെ വിശ്വാസികൾ ശാരോനിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി ഒന്നുചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിരിക്കയാണ്. ഈ നീക്കത്തിന്റെ മുൻനിര പ്രവർത്തകനായ എം.കെ.കുര്യാക്കോസ് പ്രശ്നത്തേക്കുറിച്ച് സംസാരിക്കുന്നു.**

(ഹാലേലൂയ്യാ ദ്വൈവാരിക: 15 നവംബർ 2003)

എന്താണ് ശാരോൻ ഫെലോഷിപ്പിലെ പ്രശ്നം?

ശാരോൻ ഫെലോഷിപ്പിന്റെ വസ്തുവകകളിൽ നല്ലൊരു പങ്ക് ശാരോൻ നേതാക്കൻമാരായ ഡോ. റ്റി.ജി. കോശി, ഡോ.റ്റി.പി.ഏബ്രഹാം തുടങ്ങിയവരുടെ സ്വകാര്യ സംഘടനകളുടെ പേരിലാണ് ആധാരം എഴുതിയിട്ടുള്ളത്. ഈ സഭകളുമായി ഡോ.റ്റി.ജി. കോശി. ഡോ.റ്റി.പി. ഏബ്രഹാം എന്നിവർക്ക് ശാരോനിൽ നിന്ന് പിരിഞ്ഞു പോകാൻ കഴിയുമോ എന്ന് ഒരിക്കൽ പാസ്റ്റർ ഏബ്രഹാം ജോസഫ് മിനിസ്റ്റേഴ്സ് കൗൺസിലിൽ ചോദിച്ചു. "പിരിഞ്ഞു പോകാൻ കഴിയും" എന്ന മറുപടിയാണ് ഡോ.റ്റി.പി.ഏബ്രഹാം പറഞ്ഞത്. ഇത് ഗൗരവമുള്ള പ്രശ്നമാണ്. ഈ പ്രശ്നം രമ്യമായി പരിഹരിക്കണമെന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് മിനിസ്റ്റേഴ്സ് കൗൺസിലിലും ജനറൽ ബോഡിയിലും മറ്റും പലവട്ടം ആവശ്യപ്പെട്ടിട്ടുമുണ്ട്. പെരുമ്പാവൂർ സഭയും ഈ വിഷയത്തെ ആസ്പദമാക്കി പല കത്തുകൾ സഭാനേതൃത്വത്തിന് കൊടുക്കുകയുണ്ടായി. എന്നാൽ നാളിതുവരെ ഈ കത്തുകൾക്ക് ഒരു മറുപടിയും ലഭിച്ചിട്ടില്ല. ശാരോൻ ഫെലോഷിപ്പിന്റെ സ്വത്തുക്കൾ സഭയുടെ പ്രസിഡന്റിന്റെ പേരിൽ വാങ്ങണം എന്നാണ് ശാരോൻ ഭരണഘടന പറയുന്നത്.

ശാരോനിലെ വിശ്വാസികളും ശുശ്രൂഷകൻമാരും ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗങ്ങളല്ല എന്ന് കേട്ടു. ഇതേപ്പറ്റി എന്താണ് പറയാനുള്ളത്?

മറ്റ് പെന്തക്കോസ്ത് സഭകളിൽ പ്രാദേശിക സഭയിലെ അംഗങ്ങൾ സൊസൈറ്റിയിലെ അംഗങ്ങളാണ്. അവർക്ക് സൊസൈറ്റിയുടെ ഭരണത്തിലും സ്ഥാവര ജംഗമ സ്വത്തുക്കളിലും അവകാശമുണ്ട്. അമേരിക്കയിലുള്ള ശാരോൻ സഭകളും ഈ വിധത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ, ഈയിടെ ഉണ്ടായ ചില കേസ്സുകളുമായി ബന്ധപ്പെട്ട് ശാരോൻ നേതൃത്വം കോടതിയിൽ കൊടുത്ത മറുപടികൾ അനുസരിച്ച് ലോക്കൽ സഭയിലെ അംഗങ്ങളോ ശുശ്രൂഷകൻമാരോ പോലും ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗങ്ങളല്ല. അവർക്ക് ശാരോന്റെ ഭരണപരമായ കാര്യങ്ങളിലോ സ്വത്തുക്കളിലോ അവകാശവുമില്ല. ശാരോന്റെ ജനറൽ ബോഡി അംഗങ്ങളായ ഇരുപതോളം ആളുകൾക്കു മാത്രമേ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിൽ അംഗത്വമുള്ളു എന്ന് അവർ പറയുന്നു. ശാരോനു വേണ്ടി വർഷങ്ങളായി അദ്ധ്വാനിക്കുന്ന ശുശ്രൂഷകൻമാർക്കും ഈ പ്രസ്ഥാനത്തിനു വേണ്ടി പണം മുടക്കിയ ആയിരക്കണക്കിനു വിശ്വാസികൾക്കും ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ഒരു അവകാശവുമില്ല എന്ന് സഭാനേതൃത്വം കോടതിയിൽ എഴുതി കൊടുത്തിരിക്കുന്നത് അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കുന്ന പണം ശാരോൻ ഫെലോഷിപ്പിന് സംഭാവന കൊടുക്കുന്ന ആർക്കും ഇത് അംഗീകരിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ കരുതുന്നില്ല. അതു കൊണ്ട് പ്രാദേശിക സഭയിലെ അംഗങ്ങൾക്കെല്ലാം ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിൽ അംഗത്വം ഉണ്ടെന്ന വസ്തുത സഭാനേതൃത്വം ഔദ്യോഗികമായി പ്രഖ്യാപിക്കണം. ഇതിന് വിരുദ്ധമായി ഒന്നും ശാരോൻ ഭരണഘടനയിലില്ല.

ശാരോന്റെ ജനറൽ ബോഡി യോഗം ചേർന്ന് ആവശ്യമായ ഭരണ ഘടനാ ഭേദഗതി വരുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ?

ശാരോൻ നേതാക്കൻമാർ ശാരോനിലെ വിശ്വാസികളേയും ശുശ്രൂഷകൻമാരേയും എങ്ങനെയാണ് ചതിക്കുന്നത് എന്നതിന് നല്ല ഉദാഹരണമാണ് ശാരോന്റെ ജനറൽ ബോഡി. കാരണം, ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ജനറൽ ബോഡിയിൽ ഇരുപതോളം അംഗങ്ങൾ മാത്രമാണുള്ളത്. പതിനഞ്ചിൽ അധികം വർഷം പാസ്റ്റർമാരായി സേവനം പൂർത്തിയാക്കിയ നിരവധി പാസ്റ്റർമാർ ശാരോനിൽ ഉണ്ടെങ്കിലും ഇവരിൽ ആർക്കും ജനറൽ ബോഡി അംഗത്വം കൊടുത്തിട്ടുമില്ല. മാത്രമല്ല, ഒറ്റ വിശ്വാസിപോലും ശാരോന്റെ ജനറൽ ബോഡിയിലില്ല. ഇത് ഇനി തുടരാനാവില്ല. ശാരോൻ സഭയിലെ ശുശ്രൂഷകൻമാരുടെ പ്രതിനിധികളും സഭയിലെ പ്രതിപുരുഷൻമാരും അടങ്ങുന്നതായിരിക്കണം ജനറൽ ബോഡി. ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക ഭാരവാഹികളെ ഈ ജനറൽ ബോഡി തെരഞ്ഞെടുക്കുകയും വേണം. ശാരോനേക്കാൾ പലമടങ്ങ് വലിപ്പമുള്ള ഐ.പി.സിയിൽ ഇത് പ്രായോഗികമാണെങ്കിൽ ശാരോനിലും നടപ്പിൽ വരുത്താൻ ബുദ്ധിമുട്ടുണ്ടാകില്ല. അമേരിക്കയിലുള്ള ശാരോൻ സഭകൾ ഈ രീതി അംഗീകരിച്ചുകഴിഞ്ഞു. കൂടാതെ, ശാരോൻ ഫെലോഷിപ്പ് ചർച്ചിന് നാളിതുവരെ ഒരു ട്രഷറാർ ഇല്ല എന്നത് ലജ്ജാകരമാണ്. ഈ നില മാറണം. വിശ്വാസികളുടെ ഇടയിൽ നിന്നും യോഗ്യനായ ഒരാളെ ട്രഷറാർ ആയി വിശ്വാസികൾ തെരഞ്ഞെടുക്കണം.

ശാരോനിലെ ചില നേതാക്കൻമാർ സ്വകാര്യ സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കേൾക്കുന്നു. അതിൽ എത്രത്തോളം സത്യമുണ്ട്?

കേട്ടത് ശരിയാണ്. ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ നേതാക്കൻമായ ഡോ.റ്റി.ജി.കോശി, ഡോ.റ്റി.പി. ഏബ്രഹാം തുടങ്ങിയവർ സഭകൾ സ്ഥാപിക്കുക എന്നത് ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചുകൊണ്ട് സൊസൈറ്റികളും ട്രസ്റ്റുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സൊസൈറ്റികൾക്കും ട്രസ്റ്റുകൾക്കും സഭകളുമുണ്ട്. ശാരോൻ ഭരണഘടനയുടെ ആർട്ടിക്കിൾ XIII: 2-b,c,d എന്നിവ അനുസരിച്ച് ഈ നേതാക്കൻമാർ ജനറൽ ബോഡി അംഗത്വത്തിനുപോലും യോഗ്യരല്ല. അതുകൊണ്ട് സ്വന്ത നിലയിൽ സഭകൾ നടത്തുന്ന എല്ലാ നേതാക്കൻമാരും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഭരണഘടനക്ക് വിധേയപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

ശാരോനിലെ സ്വത്തുക്കളിൽ നല്ലൊരുപങ്ക് ഈ നേതാക്കൻമാർ തട്ടിയെടുത്തു എന്നൊരു ആരോപണം കേൾക്കുന്നല്ലോ?

അത് വെറും ആരോപണമല്ല, സത്യമാണ്. ശാരോൻ ഓഫീസിൽ നിന്ന് കഴിഞ്ഞമാസം സർക്കാരിനു കൊടുത്ത കണക്കനുസരിച്ച് കേവലം 66,85,168 രൂപയുടെ സ്വത്തുമാത്രമേ ശാരോനുള്ളു. ബാക്കി സ്വത്തുക്കൾ എവിടെ? ആരാണ് അതൊക്കെ മോഷ്ടിച്ചത്? ശാരോൻ ഫെലോഷിപ്പ് ചർച്ചിനുവേണ്ടി വാങ്ങുന്ന എല്ലാ വസ്തുവകകളും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രസിഡന്റിന്റെ പേരിൽ വാങ്ങണം എന്ന് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ഈ ചട്ടം ലംഘിച്ചുകൊണ്ട് ഡോ.റ്റി. ജികോശി, ഡോ.റ്റി.പി. ഏബ്രഹാം തുടങ്ങിയവരുടെ സ്വകാര്യ സൊസൈറ്റി കളുടേയും സ്വകാര്യ ട്രസ്റ്റുകളുടേയും പേരിലാണ് വസ്തുവകകൾ വാങ്ങുന്നത്. സഭയിലെ ശുശ്രൂഷകനും വിശ്വാസികളും ശാരോന്റെ വക. സ്ഥലം വാങ്ങാനും സഭാഹാൾ പണിയാനും പണം പിരിച്ചത് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പേരിൽ. ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന് ബോർഡും വെച്ചിട്ടുണ്ട്. പക്ഷേ, സ്ഥലം രജിസ്റ്റർ ചെയ്തിരിക്കുന്നത് ഡോ.റ്റി.ജികോശി, ഡോ.റ്റി.പി. ഏബ്രഹാം തുടങ്ങിയവരുടെ സ്വകാര്യ സംഘടനയുടെ പേരിൽ. ബോർഡ് മാറ്റി എഴുതിയാൽ സഭ ഇവരുടെ സ്വന്തമാകും. ഇത് കൊടിയ വഞ്ചനയാണ്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ നിരവധി വർഷങ്ങൾ ജയിൽ ശിക്ഷ ലഭിക്കുന്ന ക്രിമിനൽ കുറ്റമാണിത്. ഈ വഞ്ചന ഇനി തുടരാൻ പാടില്ല. ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രാദേശിക സഭയായി അറിയപ്പെടുന്ന എല്ലാ സഭകളുടേയും വസ്തുവകകൾ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മാത്രം വകയായിരിക്കേണ്ടതാണ്.

ശാരോന്റെ നേതാക്കൻമാർ സ്വന്തം സംഘടനയ്ക്കുവേണ്ടി സ്വദേശത്തുനിന്നും വിദേശത്തുനിന്നും പണം പിരിക്കുന്നതിൽ എന്താണ് തെറ്റ്?

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക ഭാരവാഹികൾ ശാരോൻ ഫെലോഷിപ്പ് ചർച്ചിനുവേണ്ടി മുഴുവൻ സമയവും പ്രവർത്തിക്കാൻ തയ്യാറായിരിക്കണം. അതിന് തയ്യാറല്ലാത്തവർ സഭാനേതൃത്വത്തിൽ നിന്നും പുറത്തു പോകണം. സ്വദേശത്തും വിദേശത്തും യാത്ര ചെയ്യുമ്പോൾ അവർ ശാരോൻ ഫെലോഷിപ്പ് ചർച്ചിനുവേണ്ടി സംസാരിക്കയും ഫണ്ട് ശേഖരിക്കയും ചെയ്യണം. പക്ഷേ, ഇന്ന് ഇതല്ല നടക്കുന്നത്. ശാരോന്റെ ഔദ്യോഗിക ഭാരവാഹികളായ ഡോ.റ്റി.ജി.കോശി, ഡോ.റ്റി.പി.ഏബ്രഹാം തുടങ്ങിയവർ സ്വദേശത്തും വിദേശത്തും യാത്രചെയ്യുമ്പോൾ സ്വന്തം സംഘടനക്കു വേണ്ടി സംസാരിക്കയും ഫണ്ട് ശേഖരിക്കയും ചെയ്യുന്നു. വിദേശത്തുള്ള ചില ശാരോൻ വിശ്വാസികൾ ശാരോൻ ഫെലോഷിപ്പിനു സംഭാവന ചെയ്ത പണംപോലും ഈ നേതാക്കൻമാർ സ്വന്തം സംഘടനകളുടെ അക്കൗണ്ടിൽ ആക്കുകയും ചെയ്തു. കൂടാതെ, വിദേശത്തുനിന്നും മിഷനറിമാർ വരുമ്പോൾ ഇവർ ശാരോൻ സഭയിലെ വിശ്വാസികളേയും ശുശ്രൂഷകൻമാരേയും വിളിച്ചുകൂട്ടി പ്രദർശിപ്പിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന പണവും ഇവർ സ്വന്തം സംഘടനയുടെ വളർച്ചക്കായി ഉപയോഗിക്കുന്നു. അതുകൊണ്ട് ഈ നേതാക്കൻമാരുടെ സ്വകാര്യ സംഘടനകൾ നാൾക്കുനാൾ വളരുകയും ശാരോൻ ഫെലോഷിപ്പ് ചർച്ച് ദരിദ്രമാകുകയും ചെയ്യുന്നു. ഇതിന് ഒരു അറുതി വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ശാരോനിൽ എന്തൊക്കെയോ സദാചാര പ്രശ്നങ്ങൾ ഉള്ളതായി ഈയിടെ കേട്ടു. വിശദീകരിക്കാമോ?

മിനിസ്റ്റേഴ്സ് കൗൺസിൽ വിസ്തരിച്ച് കുറ്റക്കാരെന്ന് കാണുന്നവർക്ക് ജനറൽ ബോഡി അംഗത്വത്തിൽ തുടരാൻ അവകാശമില്ല എന്ന് ശാരോന്റെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. അദ്ധ്യക്ഷൻ നിരപവാദ്യനായിരിക്കണം എന്ന് ബൈബിളും പറയുന്നു. എന്നാൽ ഗുരുതരമായ ദുർന്നടപ്പു കേസ്സുകളിൽ വിസ്തരിക്കപ്പെടുകയും കുറ്റക്കാരെന്ന് മിനിസ്റ്റേഴ്സ് കൗൺസിൽ കാണുകയും ചെയ്തിട്ടുള്ള ചിലർ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃസ്ഥാനത്തുണ്ട്. ഇങ്ങനെയുള്ളവർ ദൈവ വചനത്തേയും ശാരോൻ ഭരണഘടനയേയും മാനിച്ച് ജനറൽ ബോഡിയിൽ നിന്നും സഭാനേതൃത്വത്തിൽ നിന്നും പുറത്തുപോകേണ്ടതാണ്.

ശാരോൻ നേതാക്കളിൽ ചിലർ മാത്രമല്ലേ ഇങ്ങനെയൊക്കെ ചെയ്തിട്ടുള്ളു. ബാക്കിയുള്ളവർ ഒന്നുചേർന്ന് തെറ്റുകാരായ ഈ നേതാക്കൻമാർക്കെതിരേ പ്രതികരിച്ചാൽ ഈ പ്രശ്നങ്ങളൊക്കെ എളുപ്പം പരിഹരിക്കാമല്ലോ?

ശരിയാണ്. ശാരോനിലെ ചില നേതാക്കൻമാർ മാത്രമേ ഇത്തരം ഹീനകൃത്യങ്ങളിൽ ഇടപെട്ടിട്ടുള്ളു. പക്ഷേ, ഇവർക്കെതിരെ പ്രതികരിക്കാൻ മറ്റുള്ള വർക്ക് ധൈര്യമില്ല. അതാണ് പ്രശ്നം. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് പാസ്റ്റർ ഏബ്രഹാം ജോസഫ് ഒരു കത്ത് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറിക്ക് കൊടുക്കുകയും അതിന്റെ കോപ്പി എല്ലാ ജനറൽ ബോഡി അംഗങ്ങൾക്കും കൊടുക്കുകയും ചെയ്തു. ഈ പ്രശ്നങ്ങൾ പരിഹരിച്ചശേഷം മാത്രമേ ഇനി മാനേജിംഗ് കൗൺസിലിലേക്ക് തെരഞ്ഞെടുപ്പ് നടത്താവൂ എന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. പക്ഷേ, ഈ ആവശ്യം തൃണവൽഗണിച്ചുകൊണ്ട് സെപ്റ്റംബർ രണ്ടിന് തിരുവല്ല ശാരോൻ ഓഫീസിൽ ജനറൽ ബോഡി കൂടുകയും മാനേജിംഗ് കൗൺസിലിലേക്ക് തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. ഇതിനെ എതിർത്തതിന്റെ പേരിൽ ജനറൽ ബോഡിയിൽ വെച്ച് പാസ്റ്റർ സി.വി.ജോണും പാസ്റ്റർ എം.എ.വർഗീസും (ജോയിസ്) പാസ്റ്റർ ഏബ്രഹാം ജോസഫിനെ കയ്യേറ്റം നടത്താൻ ശ്രമിക്കുകവരെയുണ്ടായി. ഈ കോലാഹലം നടക്കുമ്പോൾ പാസ്റ്റർ ഏബ്രഹാം ജോസഫ് മുട്ടിൻമേൽ നിന്ന് ദൈവത്തെ സ്തുതിക്ക മാത്രമാണ് ചെയ്തത്. ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയൊക്കെ നടക്കുന്നത്. ഈ ഹീന കൃത്യത്തെ ജനറൽ ബോഡി അംഗങ്ങൾ അപലപിച്ചെങ്കിലും ഡോ.റ്റി.ജി.കോശി തികച്ചും മൗനമായിരുന്നതല്ലാതെ പ്രതികരിച്ചില്ല. അതുകൊണ്ട് ഡോ.റ്റി.ജി. കോശിയുടെ അറിവോടും സമ്മതത്തോടുംകൂടിയാണ് ഈ കയ്യേറ്റശ്രമം ഉണ്ടായതെന്ന് ഞങ്ങൾ സംശയിക്കുന്നു.

ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം?

വളരെയെളുപ്പം പരിഹരിക്കാവുന്ന പ്രശ്നങ്ങൾ മാത്രമേ ശാരോനിലുള്ളു. അവ അക്കമിട്ടു നിരത്താം:

1. ശാരോന്റെ ലോക്കൽ സഭകളിലെ അംഗങ്ങൾ എല്ലാം ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗങ്ങളാണെന്ന വസ്തുത നേതൃത്വം അംഗീകരിക്കുക.
2. വിശ്വാസികളുടേയും ശുശ്രൂഷകൻമാരുടേയും പ്രതിനിധികൾ ചേർന്നതായിരിക്കണം ശാരോന്റെ ജനറൽ ബോഡി. സഭയുടെ നേതാക്കളെ ഈ ജനറൽ ബോഡി തെരഞ്ഞെടുക്കണം.
3. സഭകൾ സ്ഥാപിക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി ഉൾപ്പെടുത്തിക്കൊണ്ട് രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ, ട്രസ്റ്റുകൾ തുടങ്ങിയവയുടെ ഔദ്യോഗിക ഭാരവാഹികളെ സഭാനേതൃത്വത്തിൽ നിന്നും മാറ്റുക.
4. ശാരോന് വിശ്വാസികളുടെ പ്രതിനിധിയായ ഒരു ട്രഷറാർ വേണം. ട്രഷറാറെ വിശ്വാസികൾ ഉൾക്കൊള്ളുന്ന ജനറൽ ബോഡി തെരഞ്ഞെടുക്കണം.
5. ശാരോന്റെ സ്വത്തുക്കളെല്ലാം ശാരോൻ പ്രസിഡന്റിന്റെ പേരിൽ വാങ്ങണം. നേതാക്കൻമാർ തട്ടിയെടുത്ത സ്വത്തുക്കൾ തിരികെ കിട്ടണം.
6. ദുർന്നടപ്പു കേസ്സുകളിൽ വിചാരണ ചെയ്ത് കുറ്റക്കാരെന്ന് കണ്ടെത്തിയ നേതാക്കൻമാർക്കെതിരെ ദൈവവചന പ്രകാരം നടപടി എടുക്കണം.

ഈ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ സഭാനേതൃത്വം തയ്യാറാകാത്തതുകൊണ്ട് പത്രമാദ്ധ്യമങ്ങളിലൂടെ സത്യം വെളിപ്പെടുത്താനും നിയമനടപടികൾ സ്വീകരിക്കാനും ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.